# SHCLPS THUMBOOR

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 – 26



# ഉള്ളടക്കം


1. ആമുഖം
2. വിദ്യാലയത്തിന്റെ ലഘു ചരിത്രം
3. അടിസ്ഥാന വിവരങ്ങൾ
4. പൊതുലക്ഷ്യങ്ങൾ
5. നേട്ടങ്ങൾ / പരിമിതികൾ
6. അക്കാദമിക ലക്ഷ്യങ്ങൾ
7. പ്രവർത്തന പദ്ധതികൾ
8. നിർവഹണ ചുമതല

# ആമുഖം

നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ച് കുട്ടികളുടെ ഭൗതിക മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്.

പൊതുവിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ട് കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാലുമാണ് ഈ മാസ്റ്റർ പ്ലാനിന്റെ പ്രധാന ലക്ഷ്യം. എല്ലാ പൊതു വിദ്യാലയങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാൻ വിദ്യാലയത്തിന് മികച്ച വഴികാട്ടിയാണ്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന ദൃഢനിശ്ചയത്തോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

# വിദ്യാലയത്തിന്റെ ലഘു ചരിത്രം

**1926 -** ൽ ഹോളി ഫാമിലി സന്യാസിനി സമൂഹത്തിന്റെ സ്ഥാപക വിശുദ്ധ മറിയം ത്രേസ്യായാലും സഹസ്ഥാപകനായ ധന്യൻ ജോസഫ് വിജയത്തിൽ പിതാവിനാലും സ്ഥാപിതമായതാണ് ഈ വിദ്യാലയം. നാട്ടിൽ എന്നല്ല ഈ നിയോജകമണ്ഡലത്തിലെത്തന്നെ പഴയകാല വിദ്യാലയങ്ങളിൽ ഒന്നാണ് ഇത്.

ആ കാലഘട്ടങ്ങളിൽ അന്ധവിശ്വാസത്തിലും നിരക്ഷരതയിലും കുടുങ്ങിക്കിടന്നിരുന്ന മനുഷ്യമക്കളെ വിശിഷ്യാ, സ്ത്രീജനങ്ങളെയും സമൂഹത്തെയും മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ തുടക്കമിട്ടതാണ് ഈ വിദ്യാലയം. കുട്ടികൾക്ക് അക്ഷരജ്ഞാനത്തോടൊപ്പം ദൈവീക ജ്ഞാനവും പകർന്നുകൊടുത്ത് ദൈവവിശ്വാസത്തിലും ദൈവസ്നേഹത്തിലും വളർത്തിയെടുക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ശതാബ്ദി ആഘോഷിക്കുന്ന ഈ വേളയിൽ ആത്മീയ ചൈതന്യം പേറുന്ന ഈ കലാക്ഷേത്രം ഈ നാടിന്റെ തന്നെ തിലകക്കുറിയായി നിലകൊള്ളുന്നു. കരുണാദ്ര സ്നേഹത്തോടൊപ്പം വിജ്ഞാനം പകരുക എന്നതാണ് ഈ വിദ്യാലയത്തിന്റെ ലക്ഷ്യമായി ഞങ്ങൾ സ്വീകരിച്ചിരിക്കുന്നത്.

വിദ്യാലയത്തിന്റെ ആരംഭത്തിൽ തുമ്പൂർ കോൺവെന്റിന്റെ പള്ളി വരാന്തയിലാണ് ഒന്ന്, രണ്ട് ക്ലാസുകൾ നടത്തിയിരുന്നത്. **3** മാസങ്ങൾക്കുശേഷം കുട്ടികളെ പുതുതായി പണിത സ്കൂൾ കെട്ടിടത്തിലേക്ക് മാറ്റി. ആദ്യത്തെ പ്രധാന അധ്യാപിക സി. ക്രിസ്റ്റീനയായിരുന്നു. സി. സ്കൊളാസ്റ്റിക്ക, ശ്രീമതി ഏല്യാമ്മ എന്നിവരാണ് ആദ്യത്തെ അധ്യാപകർ. പ്രാരംഭഘട്ടത്തിൽ തന്നെ കലകൾക്ക് ഏറെ പ്രാധാന്യം നൽകിയിരുന്നു. നിരവധി ഡോക്ടേഴ്സ്, എൻജിനീയർസ്, പൊതുപ്രവർത്തകർ എന്നിവരെ നമ്മുടെ വിദ്യാലയം പൊതുസമൂഹത്തിന് സംഭാവന ചെയ്തിട്ടുണ്ട്. സാധാരണ തൊഴിലെടുത്ത് ജീവിക്കുന്ന നല്ല അർപ്പണബോധമുള്ള തൊഴിലാളികളെയും കൃഷിക്കാരെയും ആത്മീയ പാലകരെയും വാർത്തെടുക്കുവാൻ ഈ വിദ്യാലയ മുത്തശ്ശിക്ക് കഴിഞ്ഞിട്ടുണ്ടെന്ന് നമുക്ക് അഭിമാനിക്കാം.

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | എസ്. എച്ച്. സി. എൽ. പി. എസ് തുമ്പൂർ |
| വിലാസം | തുമ്പൂർ പി. ഒ, പിൻ-**680662**<br>തൃശ്ശൂർ |
| സ്ഥാപിതം | **1** ജൂൺ **1926** |
| ഇമെയിൽ | **shclpgsthumboor@gmail.com** |
| സ്കൂൾ കോഡ് | **23517** |
| ഉപജില്ല | മാള |
| വിദ്യാഭ്യാസ ജില്ല | ഇരിഞ്ഞാലക്കുട |
| റവന്യൂ ജില്ല | തൃശ്ശൂർ |
| ബി ആർ സി | വെള്ളാങ്ങല്ലൂർ |
| പഞ്ചായത്ത് | വേളൂക്കര |
| വാർഡ് | **12** |
| സ്കൂൾ തലം | **1** മുതൽ **4 vare** |
| ആകെ വിദ്യാർഥികൾ | **105** |
| അധ്യാപകർ | **5** |
| പ്രധാന അധ്യാപിക | സി. ഷീല കെ. ആർ |
| പി.ടി.എ പ്രസിഡണ്ട് | ശ്രീ. ആൽജോ കെ.ജെ |
| എം.പി.ടി.എ പ്രസിഡന്റ് | ശ്രീമതി കൃഷ്ണപ്രിയ വി.എസ് |
| **Facebook** | **Shclps Thumboor** |
| **Instagram** | **shclps_thumboor** |
| **Youtube Channel** | **SHCLPS Thumboor** |

# പൊതുലക്ഷ്യങ്ങൾ

♦എല്ലാ കുട്ടികൾക്കും ഓരോ ക്ലാസിലും നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

♦ എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

♦ മൂല്യാധിഷ്ഠിത ക്ലാസ്സ് നൽകുക.

♦ ആധുനിക വിവര സാങ്കേതിക വിദ്യാസാധ്യതകൾ ഉപയോഗപ്പെടുത്തുക.

♦ ലാംഗ്വേജ് ലാബ്, സയൻസ്- മാത്സ് ലാബ്, കമ്പ്യൂട്ടർ ലാബ് എന്നിവയിലൂടെ കുട്ടികൾക്ക് നേരനുഭവം സാധ്യമാക്കുക.

♦ ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

♦ മാലിന്യമുക്ത വിദ്യാലയം ( ഹരിത പെരുമാറ്റ ചട്ടം പാലിച്ച് വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം, ശുചിത്വം തുടങ്ങിയവ കൃത്യമായി നടപ്പിലാക്കൽ)

♦ രാസ ലഹരി, മൊബൈൽ അഡിക്ഷൻ, പോക്സോ തുടങ്ങിയ ജീവിതഗന്ധിയായ വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണം നൽകൽ

♦ ദിനാചരണങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക.

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| • അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം<br>• മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം<br>• കലാ പഠനം, പ്രവർത്തി പരിചയ പഠനം, കായിക പഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം<br>• പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പിന്തുണനാ പ്രവർത്തനങ്ങൾ<br>• പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്ക് വ്യക്തിഗത സപ്പോർട്ട്<br>• സർഗാത്മക വേദികൾ, ആശയ പ്രകടന വേദികൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം<br>• പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br>• ജൈവവൈവിധ്യ പാർക്ക്, കൃഷിത്തോട്ടം, ഔഷധതോട്ടം, പൂന്തോട്ടം ഒരുക്കുന്നു. | • പാഠനോപകരണങ്ങളുടെ ലഭ്യത കുറവ്<br>• മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br>• ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടാനുണ്ട്.<br>• പുസ്തകങ്ങൾ വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.<br>• പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നോക്ക അവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• കളിയുപകരണങ്ങളുടെ ലഭ്യത കുറവ്<br>• കുട്ടികളുടെ പഠന പിന്നോക്ക അവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br>• കുട്ടികളുടെ എണ്ണത്തിന് ആവശ്യമായ കമ്പ്യൂട്ടറുകളുടെ കുറവ്. സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് എന്നിവ പഠന പ്രവർത്തനങ്ങൾ ICT യുമായി ബന്ധിപ്പിച്ച് നൽകാൻ പ്രയാസം നേരിടുന്നു. |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടിയെന്ന് ഉറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
- മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
- സ്വതന്ത്ര എഴുത്തിന് സജരാക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## പരിസര പഠനം

- ശാസ്ത്ര പഠനത്തിൽ താല്പര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
- ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക.
- ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
- സാമൂഹികവബോധം വളർത്തുക.
- സമൂഹത്തിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടിയെന്ന് ഉറപ്പാക്കുക.
- ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ.സി.ടി

- വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.
- കുട്ടികളുടെ എണ്ണത്തിന് ആവശ്യമായ കമ്പ്യൂട്ടറുകൾ
- സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ്

## പ്രവർത്തിപരിചയം

- നിർമ്മാതാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ്വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ, പ്രയോജനപരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഇതര വിഷയ പഠനവുമായി പ്രവർത്തിപരിചയനുഭവത്തെ ബന്ധിപ്പിക്കുക.
- പ്രവർത്തി പരിചയ മത്സരത്തിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുക.

## കലാപരിശീലനം

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക.
- കലാമേളകളിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുക.
- സംഗീതം, ഡാൻസ് തുടങ്ങിയ അധ്യാപകരെ കണ്ടെത്തി ക്ലാസുകൾ സംഘടിപ്പിക്കുക.
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് പ്രത്യേക സമയം കണ്ടെത്തി പരിശീലനം നൽകുന്നു.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.
- കരാട്ടെ , യോഗ ,സുംബാ ഡാൻസ് തുടങ്ങിയവയിൽ പരിശീലനം നൽകുക.
- ആരോഗ്യ ശീലങ്ങൾ വളർത്തുക.

# പ്രവർത്തന പദ്ധതികൾ

## മലയാളം

പ്രവർത്തനം **- 1** പേര്: എന്റെ പിറന്നാൾ പുസ്തകം
ലക്ഷ്യം : മികച്ച വായനാശീലം വളർത്തുക
പ്രവർത്തനങ്ങൾ : 'പിറന്നാൾ പുസ്തകം' എന്ന പരിപാടിയിലൂടെ ക്ലാസ് ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ശേഖരിക്കുന്നു.
കാലം : ജൂൺ മുതൽ മാർച്ച് വരെ
സാമ്പത്തികം : വ്യക്തിഗതം

പ്രവർത്തനം **- 2** പേര്: ഉച്ചഭാഷിണി വായന
ലക്ഷ്യം : മികച്ച വായനാശീലം വളർത്തുക
പ്രവർത്തനങ്ങൾ : കുട്ടികൾക്ക് വായിക്കാനായി **6** ന്യൂസ് പേപ്പർ വരുത്തുന്നു. എല്ലാ കുട്ടികളും ഓരോ ന്യൂസ് എഴുതി വായിക്കുന്നു.
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : ക്ലാസ് ടീച്ചർ
സാമ്പത്തികം : സ്പോൺസേഴ്സ്

പ്രവർത്തനം **- 3** പേര്: വായനാ മൂല
ലക്ഷ്യം : മികച്ച വായനാശീലം വളർത്തുക
പ്രവർത്തനങ്ങൾ : ഓരോ ക്ലാസ് മുറിയിലും പ്രത്യേകം വായനാ മൂല ഒരുക്കി സാധ്യമാകുന്ന വായന സാമഗ്രികൾ നൽകുന്നു.
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : ക്ലാസ് ടീച്ചർ
സാമ്പത്തികം : പി ടി എ

പ്രവർത്തനം **- 4** പേര്: എഴുതാം തെളിയാം
ലക്ഷ്യം : മികച്ച വായനാശീലം വളർത്തുക. രചനയിൽ സർഗാത്മകശേഷി

വളർത്തുക
പ്രവർത്തനങ്ങൾ : ലൈബ്രറി പുസ്തകങ്ങൾ നൽകി കുറപ്പ് തയ്യാറാക്കുന്നു.
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : ക്ലാസ് ടീച്ചർ
സാമ്പത്തികം : സ്കൂൾ

പ്രവർത്തനം - 5 പേര്: മുന്നോട്ട് നടത്താം
ലക്ഷ്യം : ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ
പ്രവർത്തനങ്ങൾ : പഠന പിന്നോക്ക അവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : അധ്യാപകർ
സാമ്പത്തികം :

## ഇംഗ്ലീഷ്

പ്രവർത്തനം - 1 പേര്: ഇംഗ്ലീഷ് അസംബ്ലി
ലക്ഷ്യം : ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ
പ്രവർത്തനങ്ങൾ : ആഴ്ചയിൽ മൂന്നുദിവസം ഇംഗ്ലീഷ് അസംബ്ലി
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : അധ്യാപകർ
സാമ്പത്തികം :

പ്രവർത്തനം - 2 പേര്: **Let's talk**
ലക്ഷ്യം : ഭാഷാശേഷി വളർത്തുക
പ്രവർത്തനങ്ങൾ : ആഴ്ചയിൽ ഒരു പിരിയഡ് സ്പോക്കൺ ഇംഗ്ലീഷ് നൽകുന്നു.
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : അധ്യാപിക
സാമ്പത്തികം : രക്ഷിതാക്കൾ

പ്രവർത്തനം - 3 പേര്: വർക്ക്ഷീറ്റ് വർക്ക് ഷോപ്പ്
ലക്ഷ്യം : തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി വികസിപ്പിക്കുക.
പ്രവർത്തനങ്ങൾ : ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.
കാലം : ജൂൺ മുതൽ മാർച്ച് വരെ

ചുമതല : അധ്യാപകർ **& SRG**
സാമ്പത്തികം :

പ്രവർത്തനം - 4 പേര്: ഇംഗ്ലീഷ് തീയേറ്റർ.
ലക്ഷ്യം : സർഗാത്മക പരിപോഷണം
പ്രവർത്തനങ്ങൾ : : ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ **( Skit, Drama, conversation, story telling)**
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : അധ്യാപകർ
സാമ്പത്തികം :

പ്രവർത്തനം - 5 പേര്: ഹലോ ഇംഗ്ലീഷ്
ലക്ഷ്യം : ഭാഷാശേഷി വളർത്തുക
പ്രവർത്തനങ്ങൾ : ഗെയിംസിലൂടെ ഹലോ ഇംഗ്ലീഷ് പ്രവർത്തനങ്ങൾ ചെയ്യുന്നു.
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : അധ്യാപകർ
സാമ്പത്തികം :

## ഗണിതം

പ്രവർത്തനം - 1 പേര്: ഗണിത ശില്പശാല
ലക്ഷ്യം : അടിസ്ഥാന ഗണിത ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക.
പ്രവർത്തനങ്ങൾ : ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട പഠന ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : അധ്യാപകർ , പി ടി എ
സാമ്പത്തികം :

പ്രവർത്തനം - 2 പേര്: ഗണിത ലാബ്
ലക്ഷ്യം : അടിസ്ഥാന ഗണിത ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക.
പ്രവർത്തനങ്ങൾ : കുട്ടികൾക്ക് സ്വതന്ത്രമായി ഇടപഴകാൻ കഴിയുന്ന തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : എസ്.ആർ.ജി & പി.ടി.എ
സാമ്പത്തികം : സ്പോൺസർഷിപ്പ്

പ്രവർത്തനം - 3 പേര്: ഗണിത മൂല
ലക്ഷ്യം : എല്ലാ ക്ലാസുകളിലും ഗണിത മൂല ക്രമീകരിക്കൽ
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : അധ്യാപകർ , പി ടി എ
സാമ്പത്തികം : രക്ഷിതാക്കൾ , സ്പോൺസർഷിപ്പ്

പ്രവർത്തനം - 4 പേര്: പ്രത്യേക പരിശീലനം
ലക്ഷ്യം : അടിസ്ഥാന ഗണിത ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക.
പ്രവർത്തനങ്ങൾ : പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : അധ്യാപകർ
സാമ്പത്തികം :

പ്രവർത്തനം - 5 പേര്: **ICT Activities**
ലക്ഷ്യം : അടിസ്ഥാന ഗണിത ആശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുക.
പ്രവർത്തനങ്ങൾ : എല്ലാ കുട്ടികൾക്കും പഠന നേട്ടങ്ങൾക്ക് അനുയോജ്യമായ ഐസിടി ആക്ടിവിറ്റീസ് ചെയ്യുവാൻ അവസരം നൽകുന്നു.
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : ക്ലാസ് ടീച്ചർ
സാമ്പത്തികം :

## പരിസര പഠനം

പ്രവർത്തനം - 1 പേര് : ശാസ്ത്ര പഠനോപകരണ ശില്പശാല
ലക്ഷ്യം : ലാബ് ശാക്തീകരണം
പ്രവർത്തനങ്ങൾ : ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ-നിരീക്ഷണ പ്രവർത്തനങ്ങൾക്ക് ഇണങ്ങുന്ന വിധം ശില്പശാലകൾ സംഘടിപ്പിക്കൽ
കാലം : ഓരോ ടേമിലും
ചുമതല : ക്ലാസ് ടീച്ചർ
സാമ്പത്തികം : സ്പോൺസേർസ്

പ്രവർത്തനം - 2 പേര് : എന്റെ പരീക്ഷണം
ലക്ഷ്യം : ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ

പ്രവർത്തനങ്ങൾ : പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ നടത്തുവാൻ അവസരം നൽകി ശാസ്ത്ര അവബോധം വളർത്തുന്നു. പരീക്ഷണകിറ്റ് തയ്യാറാക്കൽ
കാലം : ജൂലൈ - മാർച്ച്
ചുമതല : ക്ലാസ് ടീച്ചർ, **SRG**, രക്ഷിതാക്കൾ
സാമ്പത്തികം : സ്പോൺസേർസ്

പ്രവർത്തനം - **3** പേര് : അതിഥിയെ അറിയൽ
ലക്ഷ്യം : സാമൂഹ്യ അവബോധം വളർത്തൽ
പ്രവർത്തനങ്ങൾ : പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരം ഒരുക്കൽ
കാലം : ഓരോ ടീമിലും
ചുമതല : ക്ലാസ് ടീച്ചർ, **PTA**
സാമ്പത്തികം : സ്പോൺസേർസ്

പ്രവർത്തനം - **4** പേര് : പ്രാദേശിക അറിവ്/ പ്രകൃതി നടത്തം
ലക്ഷ്യം : അറിവ് നിർമ്മാണം
പ്രവർത്തനങ്ങൾ : നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുന്നു.
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : **SRG**
സാമ്പത്തികം :

പ്രവർത്തനം - **5** പേര് : ഫീൽഡ് ട്രിപ്പ്
ലക്ഷ്യം : സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്
പ്രവർത്തനങ്ങൾ : ലൈബ്രറി, പോലീസ് സ്റ്റേഷൻ,പോസ്റ്റ് ഓഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി, പാടശേഖരം മുതലായവയിലേക്ക്
കാലം : ഓരോ മാസത്തിലും
ചുമതല : ക്ലാസ് ടീച്ചർ, രക്ഷിതാക്കൾ
സാമ്പത്തികം :

പ്രവർത്തനം - **6** പേര് : ശാസ്ത്ര എക്സിബിഷനുകൾ, പ്ലാനിറ്റോറിയം സന്ദർശനം
ലക്ഷ്യം : ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണ ത്വര വളർത്തൽ
പ്രവർത്തനങ്ങൾ : സഞ്ചരിക്കുന്ന പ്ലാനിറ്റോറിയം സന്ദർശനം, ചിത്രശലഭങ്ങളുടെ ചിത്രപ്രദർശനം
കാലം : ഓരോ ടീമിലും

ചുമതല : ക്ലാസ് ടീച്ചർ
സാമ്പത്തികം :

## വിവരസാങ്കേതികവിദ്യ

പ്രവർത്തനം - 1 പേര് : കളിപ്പെട്ടി
ലക്ഷ്യം : ആധുനിക വിവരസാങ്കേതികവിദ്യയിൽ പരിജ്ഞാനം
പ്രവർത്തനങ്ങൾ : കമ്പ്യൂട്ടറിൽ ലാബുകളിൽ കളിപ്പെട്ടി പഠനപ്രവർത്തനങ്ങൾ ചെയ്യുവാൻ എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു.
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : ടീച്ചർ
സാമ്പത്തികം :

## പ്രവർത്തി പരിചയം

പ്രവർത്തനം - 1 പേര് : പ്രവർത്തി പരിചരണ ശില്പശാല
ലക്ഷ്യം : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.
പ്രവർത്തനങ്ങൾ : പ്രവർത്തിപരിചയനങ്ങളിൽ കുട്ടികൾക്ക് പരിശീലന ലഭ്യമാക്കൽ
കാലം : ഓരോ ടീമിലും
ചുമതല : ടീച്ചർ
സാമ്പത്തികം :

പ്രവർത്തനം - 2 പേര് : പ്രവർത്തി പരിചരണ മേള
ലക്ഷ്യം : പ്രവർത്തി പരിചയംമേളയിൽ ഉയർന്ന വിജയം
പ്രവർത്തനങ്ങൾ : സ്കൂൾതല മത്സരത്തിൽ വിജയിച്ചവർക്ക് പ്രത്യേക പരിശീലനം നൽകുന്നു.
കാലം : ഫസ്റ്റ് ടേം
ചുമതല : ടീച്ചർ
സാമ്പത്തികം :

## കായിക വിദ്യാഭ്യാസം

പേര് : കായികാരോഗ്യം

ലക്ഷ്യം : ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം നൽകുന്നു. കുട്ടികളുടെ കായിക ക്ഷമത ഉറപ്പുവരുത്തുന്നു.
പ്രവർത്തനങ്ങൾ : **PT** പീരിയഡുകളിൽ ഫിസിക്കൽ എക്സസൈസ്, ഗെയിംസ്, യോഗ,സുംബാ ഡാൻസ് എന്നിവ നൽകുന്നു. കളി ഉപകരണങ്ങൾ ലഭ്യമാക്കുന്നു.
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : ടീച്ചർ
സാമ്പത്തികം :

കലാ വിദ്യാഭ്യാസം

പേര് : സർഗാത്മകവേള
ലക്ഷ്യം : നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ.
പ്രവർത്തനങ്ങൾ : എല്ലാ വെള്ളിയാഴ്ചയും ഒരു പിരിയഡ് സർഗത്മ വേളയ്ക്കായി മാറ്റിവയ്ക്കുന്നു. കലാമേളകൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.
കാലം : ജൂൺ മുതൽ മാർച്ച് വരെ
ചുമതല : ടീച്ചർ
സാമ്പത്തികം :

# നിർവഹണ ചുമതല

- ♦സി. ഷീല കെ. ആർ (ഹെഡ്മിസ്ട്രസ്)
- ♦സി. രേഖ തോമസ്
- ♦ഡിറ്റി ഡേവിസ് സി
- ♦ധന്യ ജോർജ്
- ♦അയന റോസ്